(c) എസ്. ഐ. ആർ. ഡി.യിൽ ഓവർ ഹെഡ്പ്രൊജക്ടർ, പബ്ലിക് അഡ്രസ് സംവിധാനം, ഫോട്ടോകോപ്പിയർ, 4 കമ്പ്യൂട്ടറുകൾ, 4 കമ്പ്യൂട്ടർ പ്രിന്ററുകൾ.

(d) സംസ്ഥാന ആസൂത്രണ ബോർഡിൽ ഓവർ ഹെഡ്പ്രൊജക്ടർ, ഫോട്ടോകോപ്പിയർ, 5 കമ്പ്യൂട്ടറുകൾ, 2 കമ്പ്യൂട്ടർ പ്രിന്ററുകൾ.

(ഇ) 'കില' സംസ്ഥാന ഗവൺമെന്റിന്റെ അനുവാദം വാങ്ങിയിരുന്നു. ഈ പ്രോജക്ടിനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന് അറിവുള്ളതാണ്.

(എഫ്)(i) കില അതിന്റെ വികസന പരിപാടികൾക്കും പരിശീലന പരിപാടികൾക്കും SDC-യിൽ നിന്നും വിദേശ സഹായം സ്വീകരിക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാരിന്റെ Foreign Contribution Regulation Act (FCRA) പ്രകാരം അനുമതി നേടിയിട്ടുണ്ട്.

(ii) സംസ്ഥാന സർക്കാരിന്റെ അനുമതിയോടെയാണ് എസ്. ഡി. സി. യുടെ ക്യാപ്ഡെക്ക് പ്രോജക്ട് കില നടപ്പാക്കിയിട്ടുള്ളത്.

(iii) ക്യാപ്ഡെക്ക് പ്രോജക്ട് നടപ്പാക്കുന്നതിനുള്ള ജോയിന്റ് പ്രോജക്ട് കമ്മിറ്റിയിൽ കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാമവികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി മെമ്പറാണ്.

ദീർഘകാല വിഷൻ ഡോക്കുമെന്റുണ്ടാക്കുവാനുള്ള നടപടി

20 [20] ശ്രീ. വി. ബാലറാം:

,, എ. പി. അനിൽകുമാർ:

ശ്രീമതി രാധാരാഘവൻ:

ശ്രീ. കെ. പി. വിശ്വനാഥൻ:

,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സംബന്ധിക്കുന്ന ഒരു ദീർഘകാല വിഷൻ ഡോക്കുമെന്റ് ഉണ്ടാക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി കൺസൾട്ടന്റുകളെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ സംബന്ധിക്കുന്ന ദീർഘകാല വിഷൻ ഡോക്കുമെന്റിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ വ്യത്യസ്ത വികസന മേഖലകളിലെ വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ചുകൊണ്ടായിരിക്കും ഈ ഡോക്കുമെന്റിന് രൂപം നല്കുന്നത്.

(സി) 2025 വരെയുള്ള ഇരുപതു വർഷങ്ങൾകൊണ്ട് സാമ്പത്തിക വികസന രംഗത്ത് രാജ്യത്തെ ഏറ്റവും മുൻപന്തിയിലുള്ള സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനു കൈക്കൊള്ളേണ്ട നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശദമായ ഒരു വീക്ഷണ രേഖ തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്.

മുൻകാലങ്ങളിൽ വ്യത്യസ്ത മേഖലകളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ സ്ഥായിയാക്കുന്നതിനോടൊപ്പം ദേശീയ, അന്തർദേശീയ തലങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സാമ്പത്തിക വികസനം കൈവരിക്കുന്നതിനു വേണ്ട നടപടികൾക്ക് ഈ രേഖയിൽ ഊന്നൽ നൽകും.

കൃഷി, വ്യവസായം, സേവന മേഖല, വിവരസാങ്കേതിക വിദ്യ, വിനോദ സഞ്ചാരം തുടങ്ങിയ പ്രധാനപ്പെട്ട മേഖലകളുടെ സുസ്ഥിര വികസനം, ഏറ്റവും പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഭക്ഷ്യലഭ്യത ഉറപ്പാക്കൽ, കൂടുതൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, അസംഘടിത തൊഴിലാളികൾക്കും പാവപ്പെട്ടവർക്കുമുള്ള സാമൂഹ്യ സുരക്ഷ, സ്ത്രീ ശാക്തീകരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ, സ്വകാര്യവത്കരണം, ഉദാരവൽക്കരണ നടപടികളുടെ ഫലമായുണ്ടാകുന്ന വെല്ലുവിളികൾ നേരിടുന്നതിന് ദുർബ്ബല വിഭാഗങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ, പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണം, ജലസേചനം, വൈദ്യുതി ഉത്പാദനം, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം എന്നീ മേഖലകളിൽ വർദ്ധിച്ചതോതിലുള്ള മുതൽമുടക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം തുടങ്ങിയ മേഖലകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ, പൊതുസേവനരംഗം കാര്യക്ഷമമാക്കുന്നതിന് ഭരണ നവീകരണ പരിപാടി ഉൾപ്പെടെയുള്ള ഭരണ പരിഷ്കാര നടപടികൾ ശക്തമാക്കൽ തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങളാണ് പ്രധാനമായും ഈ രേഖയിൽ ഉൾപ്പെടുത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly